**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2** **22-07-2021 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി നേരിടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. ഈ പ്രതിസന്ധി നേരിടുന്നതിന് ഹ്രസ്വകാല, ദീർഘകാല നടപടികളാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു. 1. കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നു വരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് ബജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. 2. പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി. 3. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ബൃഹദ്പദ്ധതി. 4. തീരദേശ മേഖലയിൽ പ്രഖ്യാപിച്ച ഏതാണ്ട് 11,000 കോടി രൂപയുടെ വികസന പദ്ധതികൾ. 5. 50 കോടി രൂപയുടെ റബ്ബർ സബ്സിഡി. 6. മത്സ്യ സംസ്കരണത്തിനും മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനുമുതകുന്ന |

| | | | |
|---|---|---|---|
| | | | പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി. 7. കുടുംബശ്രീ വഴിയുള്ള വിവിധയിനം സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള ഉയർന്ന ബജറ്റ് വിഹിതം. |
| (ബി) | സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച് ധനകാര്യ വകുപ്പ് എന്തെങ്കിലും റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കേരള സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കുന്ന സാമ്പത്തിക അവലോകനവും Medium Term Fiscal Policy അടക്കമുള്ള ബജറ്റും അനുബന്ധ രേഖകളും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച വിശദമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതാണ്. |
| (സി) | വിവിധ വകുപ്പുകൾക്കും കരാറുകാർക്കുമായി എത്ര തുക കൊടുത്തു തീർക്കുവാനുണ്ട്; വ്യക്തമാക്കുമോ? | (സി) | സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് സംസ്ഥാനത്തെ കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത്. ഇതുപ്രകാരം 22.07.2021 വരെ പൊതുമരാമത്ത് (നിരത്ത്-പാലം) വകുപ്പിൽ 818.86 കോടി രൂപയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 338.68 കോടി രൂപയും ജലവിഭവ വകുപ്പിൽ 149.03 കോടി രൂപയും കൊടുത്തു തീർക്കുവാനുണ്ട്. |

സെക്ഷൻ ഓഫീസർ